ഭരണഭാഷ മാതൃഭാഷ

നമ്പർ - WCD-E9/5224/21

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര,തിരുവനന്തപുരം
തീയതി : 23.07.2021.
gmail:wcdestablishment2017@gmail.com
Phone No. 0471 – 2346534

## പരിപത്രം

വിഷയം – വനിത ശിശുവികസന വകുപ്പ് – ഡയറക്ടറേറ്റ്- ജീവനക്കാര്യം- ശ്രീ ചിത്രാഹോം സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള ഡെപ്യൂട്ടേഷൻ അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച്

സൂചന - സാമൂഹ്യനീതി സെക്രട്ടറിയുടെ 06/07/2021-ലെ – സി2/114/2021 സാ.നീ.വ നമ്പർ കത്ത്.

വനിത ശിശു വികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ശ്രീ ചിത്രാഹോമിൽ സൂപ്രണ്ട് തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കാൻ താത്പര്യമുള്ള സൂപ്രണ്ട് ഗ്രേഡ് 1-ന് തത്തുല്യമായ തസ്തികയിൽ (Scale of Pay-50200-105300) വകുപ്പ്/ മറ്റ് സർക്കാർ വകുപ്പുകളിൽ സേവനമനുഷ്ഠിക്കുന്ന വനിത ജീവനക്കാരിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു.

മേൽ തസ്തികയിലേയ്ക്ക് അർഹരായവരിൽ നിന്നും അപേക്ഷകൾ ലഭിക്കാത്ത പക്ഷം ഹയർ/ലോവർ ഗ്രേഡിൽ സേവനമനുഷ്ഠിക്കുന്നവരെ അന്യത്ര സേവനത്തിനായി പരിഗണിക്കുന്നതാണ്.പ്രസ്തുത തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കാൻ താത്പര്യമുള്ള ജീവനക്കാർ വകുപ്പ് തലവൻ സാക്ഷ്യപ്പെടുത്തിയ നിശ്ചിത മാതൃകയിലുള്ള ഡെപ്യൂട്ടേഷൻ അപേക്ഷ ഓഫീസ് മേലധികാരി മുഖേന വനിത ശിശുവികസന ഡയറക്ടർ, വനിത ശിശു വികസന ഡയറക്ടറേറ്റ്, പൂജപ്പുര, തിരുവനന്തപുരം-695012 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി-10.08.2021.

പ്രസ്തുത തസ്തികയിൽ നിയമനം നേടുന്ന ഉദ്യോഗസ്ഥയ്ക്ക് മാതൃ വകുപ്പിലെ ശമ്പളത്തിനും അലവൻസുകൾക്കും മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. നിശ്ചിത മാതൃകയിൽ അല്ലാത്തതും സമയ പരിധി കഴിഞ്ഞ് ലഭിക്കുന്നതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

എല്ലാ കാര്യാലയമേധാവികൾക്കും

പകർപ്പ്:-

1. സൂപ്രണ്ട്,ഐറ്റിസെൽ (ഔദ്യോഗികവെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
3. സ്റ്റോക്ക് ഫയൽ / സ്പെയർ



JN-20